**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 51** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ തൊഴിലവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഐ.ടി. മേഖലയിൽ തൊഴിലവസരങ്ങൾ കൂട്ടുന്നതിനായി നിലവിൽ പ്രവർത്തിക്കുന്ന ആഗോള കമ്പനികൾക്ക് പുറമെ മറ്റു പ്രമുഖ കമ്പനികളെ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്; വിശദമാക്കാമോ? | (എ) | ഐ.ടി. മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിൽ പ്രവർത്തിക്കുന്ന ആഗോള ഐ.ടി. കമ്പനികൾക്ക് പുറമേ കേരളത്തിൽ സാന്നിധ്യമില്ലാത്ത പ്രമുഖ കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിലെ മാർക്കറ്റിംഗ്/ ബ്രാൻഡിംഗ് പ്രവർത്തനങ്ങൾക്ക് പുറമേ വിപുലമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തെ ഐ.ടി പാർക്കുകൾ തയ്യാറെടുക്കുന്നു. ഇത്തരത്തിൽ നടത്തുന്ന പ്രചാരണ പരിപാടികളുടെ ഭാഗമായി തല്പരരാകുന്ന കമ്പനികളുടെ നിക്ഷേപം ഐ.ടി. പാർക്കുകളിൽ കാര്യക്ഷമമായ രീതിയിൽ പ്രാവർത്തികമാക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിക്ഷേപവും, തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുവാനുള്ള പുതിയ നിർദേശങ്ങൾ ഉൾപ്പെടുത്തി ഐ.ടി. നയം പരിഷ്കരിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ